**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *19 26/09/2011 ൽ മറുപടിക്ക്**

**<u>മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി</u>**

**<u>ചോദ്യം</u>**

**ശ്രീ. കെ.ശിവദാസൻ നായർ**
**ശ്രീ. ബെന്നി ബെഹനാൻ**
**ശ്രീ. ജോസഫ് വാഴയ്ക്കൻ**
**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**

**<u>മറുപടി</u>**

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) **മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;**<br>ബി) **ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;**<br>സി) **ക്ലാസ്സിക്കൽ പദവി ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?** | എ) ബി) സി)<br>മലയാള ഭാഷയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനായി 19/2/2009 ലെ സ.ഉ.(കൈ)2/2009/സി.എ.ഡി പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിക്കുകയും, മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കാൻ അർഹതയുണ്ടെന്നതിന്റെ തെളിവുകളും വിശദാംശങ്ങളും അടങ്ങിയ വിദഗ്ദ്ധ സമിതി റിപ്പോർട്ട് 15/01/2011-ൽ ബഹു: പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.<br>ക്ലാസിക് ഭാഷാ പദവിക്ക് മലയാളത്തിന്റെ അർഹത തെളിയിക്കുന്ന രേഖകൾ തയ്യാറാക്കി സംസ്ഥാന സർക്കാർ സമർപ്പിച്ച ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ മറ്റൊരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിച്ച് ശ്രേഷ്ഠ പദവി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതാണ്.<br>മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി നേടിയെടുക്കുന്നതിനായ നടപടികൾ തുടർന്ന് വരികയാണ്. ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഉപദേശക സമിതി സ.ഉ. (കൈ) 37/2011/സിഎഡി പ്രകാരം 5/7/2011ൽ പുന:സംഘടിപ്പിക്കുകയും സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാഹിത്യ അക്കാദമി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ആഫീസർ